കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വേളൂക്കര ഗ്രാമപഞ്ചായത്ത്

2015-2016

ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ്കാര്യാലയം

Email.dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)2148/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ- 680 020

ഫോൺ – 0487 2331249

ഇ മെയിൽ- dotsr.ksad@kerala.gov.in

തിയ്യതി:31.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വേളൂക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വേളൂക്കര ഗ്രാമപഞ്ചായത്ത് - 2015--16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

-----------------------------------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-4,3-12,3-13,3-17,3-20,3-29,3-31എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ(ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(പി.1)2148/2016 തിയ്യതി 31/01/2017

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 20-01-16 മുതൽ 21-11-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31/3/16 വരെ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2016 മുതൽ<br>29.11.2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ |
|---|
| ശ്രീ.സുനിൽദത്ത് എം ആർ,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.സിനിലാൽ എം ജി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുമിത ടി.എസ്,<br>അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.നിജ്ജ സി.എസ്, ഓഡിറ്റർ |

| ബി) നിർവ്വഹണാധികാരികൾ | | |
|---|---|---|
| | പേര് | കാലയളവ് |

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.ജി.ശശിധരൻ | 1.4.2015 മുതൽ 30.10.2015 വരെ |
| | ഭരണ നിർവ്വഹണ കമ്മറ്റി | 31.10.15 മുതൽ 18.11.2015 വരെ |
| | ഇന്ദിര തിലകൻ | 19.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.പി.ആർ.ഉല്ലാസ് | 1.4.2015 മുതൽ 24.7.2015 F.N വരെ |
| | ശ്രീ.കെ.എഫ് ആന്റണി | 24.7.2015 A.N മുതൽ 31.3.2016 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ.കെ.പി.അനിൽ | 1.4.2015 മുതൽ 31.3.2016 വരെ |
| അസി എഞ്ചിനീയർ | ശ്രീ.ഗിരിജ് | 1.04.2015 മുതൽ 23.5.2015 വരെ |
| | ശ്രുതി എൻ സുബ്രഹ്മണ്യൻ | 24.5.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.തോമാസ് പി.ഒ | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി.സിനി | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി, | ഡോ.സുരേഷ് കുമാർ | 1.4.2015 മുതൽ 7.6.2015 വരെ |
| | ഡോ.തനൂജ | 8.6.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ.നിമ്മി.എം.എ. | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽഓഫീസർ,ഹോമിയോ | ഡോ.രജിത | 1.4.2015 മുതൽ 9.5.2015 വരെ |
| | ഡോ.പി സി.ശ്രീലത | 10.5.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിജി | 1.4.2015 മുതൽ 31.3.2016 വരെ |
| വിഇഒ, കൊററനല്ലൂർ | ശ്രീ.ടി.വി.ബിനോയ് | 1.4.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| വിഇഒ, നടവരമ്പ് | ശ്രീമതി.സന്ധ്യ | 1.4.2015 മുതൽ 31.3.2016 വരെ |
| പ്രധാനാദ്ധ്യാപിക, ജി.എൽ.പി.എസ്.,നടവരമ്പ് | ശ്രീമതി.എം.ആർ.ജയസൂനം | 1.4.2015 മുതൽ 31.7.2015 വരെ |
| | ശ്രീമതി.സ്റ്റെല്ല മരിയ | 1.8.2015 മുതൽ 31.3.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.നിഷ | 1.4.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 26പ്രകാരം സേവന ഉപനികുതി ഈടാക്കുന്നില്ല. | 2-1 |
| 13 | ബിൽഡിങ്ങ് പെർമ്മിറ്റ് -അനുമതി കാലയളവിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നില്ല. | 2-2 |
| 14 | മത്സ്യക്കാപ്പ് ലേലം-അപാകതകൾ | 2-3 |
| 15 | തൊഴിൽ നികുതി ഈടാക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിച്ച് കാണുന്നില്ല | 2-4 |
| | ഭാഗം 3 | |
| 16 | അസാധാരണ ചെലവ് രജിസ്ററർ എഴുതി സൂക്ഷിക്കുന്നില്ല. | 3-1 |
| 17 | ഒരേ ബില്ലിൽ രണ്ട് പ്രാവശ്യം തുക നൽകി. . | 3-2 |
| 18 | ജനറേറ്റർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | 3-3 |
| 19 | തെരുവ് വിളക്കുകൾ നിലവിൽ ഇല്ലാത്ത ഓർഡിനറി ബൾബിനു കറന്റ് ചാർജ്ജ് അടവാക്കുന്നതിനാൽ വൻ തുക നഷ്ടം. | 3-4 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഇല്ല/കാലിത്തീറ്റ മുഴുവൻ കൈപ്പറ്റിയിട്ടില്ല. | 3-5 |
| 21 | പ്രിന്റർ വാങ്ങൽ ഐകെഎം സ്പെസിഫിക്കേഷനിലുള്ള ഗ്യാരണ്ടി ഉറപ്പു വരുത്തിയിട്ടില്ല. | 3-6 |
| 22 | വിനിയോഗ സാക്ഷ്യപത്രം ,കൈപ്പറ്റ് രസീത് ഇല്ല .ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| 23 | സിഡ്കോയിൽ നിന്ന് പ്ളാസ്റ്റിക്ക് ഫർണീച്ചർ -ഉത്തരവിന് വിരുദ്ധം | 3-8 |
| 24 | ശുചിത്വ മിഷൻ ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടില്ല. | 3-9 |

| | | |
|---|---|---|
| 25 | തെരുവ് വിളക്കുകൾ എഎംസി എടുത്ത കരാറുകാരിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല. | 3-10 |
| 26 | ജനറേറ്റർ വാങ്ങൽ-അപാകതകൾ | 3-11 |
| 27 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ- അറ്റകുറ്റപ്പണി നടത്തുന്ന കരാറുകാരന് നൽകാതെ ഉപകരണങ്ങൾ മെമ്പർമാർക്ക് കൈമാറുന്നു | 3-12 |
| 28 | പഞ്ചായത്ത് ഓഫീസ് നവീകരണം -അപാകതകൾ | 3-13 |
| 29 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയില്ല. | 3-14 |
| 30 | സ്റ്റോക്ക് രജിസ്റ്ററുകൾ പൊരുത്തപ്പെടാത്തത്. | 3-15 |
| 31 | പിൻവാങ്ങിയ കരാറുകാരന് നിരതദ്രവ്യം തിരികെ നൽകി-പഞ്ചായത്തിന് നഷ്ടം തുക ഉത്തരവാദികളിൽ നിന്നും ഈടാക്കണം | 3-16 |
| 32 | മീഡിയാശ്രീക്കു നൽകിയ തുക -തടസ്സപ്പെടുത്തുന്നു. | 3-17 |
| 33 | കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് അടവാക്കുവാൻ കമ്മറ്റി തീരുമാനം-പുന പരിശോധിക്കേണ്ടതാണ്. | 3-18 |
| 34 | പെയ് ൻ ആന്റ് പാലിയേറ്റീവ് – മരുന്ന് ലഭിക്കുവാൻ കാലതാമസം . | 3-19 |
| 35 | പഞ്ചായത്ത്ഫ്രണ്ട് ഓഫീസ് നിർമ്മാണം കൺസൾട്ടൻസി ചാർജ്ജ് അധികം നൽകി | 3-20 |
| 36 | മെഡിക്കൽ ഓഫീസർ ആയുർ വേദം നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ | 3-21 |
| 37 | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ് പെൻസറി നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ | 3-22 |
| 38 | എസ്.എസ്.എ വിഹിതം നൽകൽ -അപാകതകൾ | 3-23 |
| 39 | പത്താംതരം തുല്യതാഫീസ് അടവാക്കൽ-അപാകതകൾ | 3-24 |
| 40 | മാരാമത്ത് പണികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 3-25 |
| 41 | അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ പദ്ധതികൾ-പൊതു അപാകതകൾ | 3-26 |
| 42 | പദ്ധതികൾ ആസൂത്രണമില്ലാതെ നടപ്പിലാക്കുന്നതിനാൽ തനത് ഫണ്ടിന് അധിക ബാദ്ധ്യത | 3-27 |
| 43 | പൈക്ക ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം – മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. | 3-28 |
| 44 | തൊഴിലുറപ്പ് പദ്ധതി-കൺകറന്റ് സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിക്കണം. | 3-29 |
| 45 | ആശ്രയ പദ്ധതി ഒന്നാം ഘട്ടം ലക്ഷ്യം നേടിയില്ല. | 3-30 |
| | ഭാഗം 4 | |
| 46 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 47 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 49 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 50 | ഓഡിറ്റ് റിക്കവറി | 4-5 |
| 51 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 55 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 30.1.2016 തിയതിയിലെ 2(4) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് ഡബിൾ എൻട്രി സമ്പ്രദായത്തിലാണെങ്കിലും ഫങ്ഷണനറി കോഡ് ഉൾപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യപത്രികയുമായി താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.16 | 25.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

നാളിതു വരെയുള്ള ആസ്തിബാദ്ധ്യതകൾ കണക്കാക്കിയിട്ടില്ല

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -29080626

വരവ് -44579609

ആകെ -73660235

ചെലവ് -61123205

നീക്കിയിരിപ്പ്-12537030

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | RP 40(b)പ്രകാരം നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് (IIA യിലേക്ക്) ചെയ്ത തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6059988 | 1525495+6213762 | 13799245 | 13799245 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 2938889 | 5218707 | 8157596 | 6756802 | 0 | 1400794 |
| വികസനഫണ്ട് ടി.എസ്.പി. | 77387 | 103661 | 181048 | 178661 | 0 | 2387 |
| സംരക്ഷണഗ്രാന്റ് റോഡ് | 2483779 | 11367674 | 13851453 | 13851453 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1617658 | 818911 | 2436569 | 2436569 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2724818 | 4687791 | 7412609 | 5301836 | 0 | 2110773 |
| പെർഫോമൻസ് ഗ്രാന്റ് | 2792508 | 2296745 | 5089253 | 2389445 | 0 | 2699808 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 7091056 | 7091056 | 7085617 | 0 | 5439(closing balance) |
| ബി ഫണ്ട് | 0 | 24620608 | 24620608 | 24620608 | 0 | |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 59194415 | 136 | 46128122 | 23 | 12 | 79.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 69.94.ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5798262 | 4265383 | -1532879 | -26.43 |
| നികുതിയേതര വരവുകൾ | 740350 | 894943 | +154593 | 20.88 |
| മറ്റുവരവുകൾ(GPG) | 2499103 | 10199192 | 7700089 | 308.1 |
| ആകെ | 9037715 | 15359518 | 6321803 | 69.94 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 291240 | 221 |
| കർഷകതൊഴിലാളി പെൻഷൻ | 3095400 | 437 |

| | | |
|---|---|---|
| വിധവാപെൻഷൻ | 6738920 | 740 |
| വാർദ്ധക്യകാലപെൻഷൻ | 11153670 | 1195 |
| വികലാംഗപെൻഷൻ | 2273870 | 243 |
| അവിവാഹിത പെൻഷൻ | 979600 | 102 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/11/2016 3.15 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23789രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമസഭകളിൽ ക്വാറം തികയുന്നതിനാവശ്യമായ ആളുകൾ മാത്രമേ ഹാജരായി കാണുന്നുള്ളൂ. ജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം കാണുന്നു. കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.11.2016-10.11.2016 | 10/16 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.1.2014-10.2.2014 | 08-09 മുതൽ 2012-2013 വരെ | 29.3.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 26പ്രകാരം സേവന ഉപനികുതി ഈടാക്കുന്നില്ല.

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിൻറേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിൻറെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം,തെരുവുവിളക്കുകളും,ഡ്രയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി (പൂർണ്ണ സംഖ്യയിൽ) ചുമത്താവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ ഈയിനത്തിൽ നികുതി ചുമത്തുതിനുള്ള നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല.സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 2-2 ബിൽഡിങ്ങ് പെർമ്മിറ്റ് -അനുമതി കാലയളവിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

ബിൽഡിങ്ങ് പെർമ്മിറ്റ് റഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ അനുമതി കാലയളവായ 3 വർഷത്തിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്ത് ആവശ്യമായ ശ്രദ്ധ പുലർത്തുന്നില്ല. എന്ന്

വ്യക്തമാകുന്നു. 2015-16 ൽ 196 ബിൽഡിങ്ങുകൾ റഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്. ഇതിൽ ഒന്നു പോലും പഞ്ചായത്ത് സ്വമേധയാ കണ്ടെത്തിയതല്ല. പ്രസ്തുത വ്യക്തികൾ പൂർത്തീകരണ സാക്ഷ്യപത്രത്തിനായി അപേക്ഷിക്കുന്ന സന്ദർഭത്തിൽ മാത്രമാണ് പഞ്ചായത്ത് തുടർ നടപടി സ്വീകരിക്കുന്നത്. ഇത് ശരിയായ നടപടി ക്രമമല്ല. അനുമതി കാലയളവിനുശേഷം തുടർ നടപടികൾ നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തി വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 2-3 മത്സ്യക്കാപ്പ് ലേലം-അപാകതകൾ

ലേലം നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തോടുകൂടി ബൈലോ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം ആണ് ലേല നിബന്ധനകൾ നിശ്ചയിക്കുന്നത്. 12.08.15 ൽ നിശ്ചയിച്ച ആദ്യലേലം, ലേലനടപടികൾ ജനങ്ങൾ തടസ്സപ്പെടുത്തിയതിനാൽ നടന്നില്ല. പുനർലേലം 14.09.15 ന് നിശ്ചയിച്ചു. പുനർലേലം നടത്തിയതിൽ 31 കുളങ്ങളിൽ 8കുളങ്ങൾ മാത്രമാണ് പുനർലേലനോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1.ലേലത്തിൽ പങ്കെടുത്തവരിൽ ആരും തന്നെ ഇ.എം.ഡി ആയി 200/-രൂപ അടവാക്കിയിട്ടില്ല

2.ആൽജോ ചൂണ്ടേപറമ്പിൽ 160/- രൂപക്ക് പൂതക്കുളം ലേലത്തിൽ പിടിക്കുകയും 22.9.15 ലെ 3(2) തീരുമാനപ്രകാരം ലേലം കമ്മറ്റി അംഗീകരിക്കുകയും ചെയ്തു

എന്നാൽ ടിയാൻ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെച്ചിട്ടില്ല

3.ലേലസംഖ്യ 200രൂപയിൽ കുറവായ ലേലങ്ങളുടെ സംഖ്യ അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതാണ്.

എന്നാൽ ലേലം കൊണ്ടവർ ഒരു മാസവും അതിലേറെയും വൈകിയാണ് ലേലത്തുക അടവാക്കിയിരിക്കുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ലേലം ചെയ്ത കുളം | ലേലം കൊണ്ട വ്യക്തി | രസീത് നം./തീയതി | തുക |
|---|---|---|---|
| പൂതകുളം | ആൽജോ ചൂണ്ടേപറംബിൽ | 11502103779/ 08.01.2016 | 160 |
| ശങ്കരംകുളം | ജോസ്.എ.പി. അളിയത്ത് | 11502105378/ 04.03.2016 | 360 |
| കോതകുളം | ജോസ്.എ.പി. അളിയത്ത് | 11502105379/ 04.03.2016 | 315 |
| ചെറളികുളം | ജോസ്.എ.പി. അളിയത്ത് | 11502105380/ 04.03.2016 | 275 |
| പുല്ലേകുളം | ജോണി സി.എ ചെതലൻ വീട് | 11502103303/ 15.12.2015 | 275 |

ലേലത്തിനു പങ്കെടുക്കുന്നവർ അരമണിക്കൂർ മുൻപ് തന്നെ 200/-രൂപ രസീത് മുഖേന നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തുമ്പോൾ 200/-രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതുമാണ്

## 2-4 തൊഴിൽ നികുതി ഈടാക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിച്ചു കാണുന്നില്ല

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 14.2.11 ലെ സർക്കാർ ഉത്തരവ് (എം.എസ്) 36/11/ജന.എഡ്യൂക്കേഷൻ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ അധ്യാപക അനധ്യാപക ജീവനക്കാരുടെ മിനിമം വേതനം 01.01.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതിനു പുറമെ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ,ന്യൂഡൽഹിയുടെ 29.07.2009 ലെ സർക്കുലർ നം 01/CBSE/AFF/CIRCULARS /2009 അഫിലിയേഷൻ ബൈലോ റൂൾ 3.3(v) എന്നിവ പ്രകാരം സി.ബി.എസ്.സി സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവീസിൽ ഇതേ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്ത പക്ഷം സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ് എന്നാൽ വേളൂക്കര പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹരിശ്രീ വിദ്യാനികേതൻ

പബ്ലിക് സ്കൂൾ ഉമ്പൂർ, മുകുന്ദപുരം പബ്ലിക് സ്കൂൾ, നടവരമ്പ് എന്നീ സ്ഥാപനങ്ങളിലെ എപ്ലോയീസ് തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചപ്പോൾ മേൽ നിഷ്കർഷകൾ പാലിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് സാരമായ നഷ്ടം വന്നിട്ടുണ്ട്. മേൽ സർക്കാർ നിർദേശം അനുസരിച്ചുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസാധാരണ ചെലവ് രജിസ്ററർ എഴുതി സൂക്ഷിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വേളൂക്കര ഗ്രാമപഞ്ചായത്ത് അസാധാരണ ചെലവ് ഇനത്തിൽ ചെലവ് ഉണ്ടെങ്കിലും രജിസ്ററർ എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ഒരേ ബില്ലിൽ രണ്ട് പ്രാവശ്യം തുക നൽകി.

പദ്ധതി നമ്പർ-0025/16

ബിൽ മ്പർ-49/15-16/19.2.16-10560/-
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പ്രകാരം പരസ്യം നൽകിയതിന്റെ ചെലവിനത്തിൽ എക്സ്പ്രസ് പബ്ലിക്കേഷന് 10560/- രൂപ നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ 488395/KOC/4.12.15 പ്രകാരമാണ് തുക (5280/- രൂ )നൽകിയിട്ടുള്ളത്. ഒരേ ബില്ലിന്റെ കോപ്പി രണ്ട് പ്രാവശ്യം വച്ചാണ് തുക നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ14) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഒരു ബില്ലിന്റെ തുക (5280/-രൂപ)നിരാകരിക്കുന്നു.

## 3-3 ജനറേറ്റർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

2015-16 സാമ്പത്തിക വർഷത്തിലാണ് പഞ്ചായത്ത് പുതിയ ജനറേറ്റർ വാങ്ങിയത് .ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഫ്യുവൽ എഫിഷ്യൻസി രേഖപ്പെടുത്തിയിട്ടില്ല.

2.ഡീസൽ വാങ്ങുന്നത് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഉപയോഗം സംബന്ധിച്ച വിവരങ്ങൾ (എത്ര മണിക്കൂർ ഉപയോഗിച്ചു)രേഖപ്പെടുത്തുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ്- നിലവിലില്ലാത്ത ഓർഡിനറി ബൾബിനു കറന്റ് ചാർജ്ജ് അടവാക്കുന്നതിനാൽ വൻ തുക നഷ്ടം.

പഞ്ചായത്ത് കറന്റ് ചാർജ്ജ് അടവാക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണത്തിൽ പഞ്ചായത്ത് സൂക്ഷിച്ച രജിസ്റ്റർ പ്രകാരം ഓർഡിനറി ബൾബ് 40 വാട്ട് 314 എണ്ണവും (61 രൂനിരക്ക്)60 വാട്ട് (94 രൂ നിരക്ക്)186 എണ്ണവും ഉണ്ട്. ഇവക്കായി അടവാക്കേണ്ടി വരുന്ന കറന്റ് ചാർജ്ജ് ഓരോ ബില്ലിലും 36638/-രൂ ആണ്.എന്നാൽ പഞ്ചായത്ത് ഓർഡിനറി ബൾബ് വാങ്ങുകയോ,എ.എം.സി നൽകുകയോ ചെയ്യുന്നില്ല.സി എഫ് എൽ 2*15 വാട്ട്, 14 വാട്ട് എന്നിവയാണ് വാങ്ങിയിട്ടുള്ളത് . മീറ്റർ സ്ഥാപിക്കുന്നതിന് തുക നൽകിയിട്ടുണ്ടെങ്കിലും സ്ഥാപിച്ചിട്ടില്ല. കെഎസ് ഇബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പഞ്ചായത്ത് കറന്റ് ചാർജ്ജ് അടവാക്കുന്ന തെരുവ്

വിളക്കുകളുടെ കണക്ക് പുനപരിശോധിക്കേണ്ടതും ഈയിനത്തിൽ അധികം തുക അടവാക്കുന്ന നിലവിലെ അവസ്ഥ അവസാനിപ്പിക്കേണ്ടതും ആണ്.

## 3-5 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഇല്ല/കാലിത്തീറ്റ മുഴുവൻ കൈപ്പറ്റിയിട്ടില്ല.

പദ്ധതി നമ്പർ-44/16

ഡിഡി നമ്പർ -714154/31.10.2015-93750/-

714155/31.10.15-218750/-

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

2015-16ൽ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയുടെ തീറ്റ വിതരണം നടത്തുന്ന സൊസൈറ്റിയുടെ (കൊറ്റനെല്ലൂർ ആപ്കോസ്)നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ തീറ്റ വിതരണം പൂർത്തീകരിച്ചിട്ടില്ല. തീറ്റ വിതരണം പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക(312500/-) തടസ്സത്തിൽ വക്കുന്നു.

തീറ്റ മുഴുവൻ കൈപ്പറ്റാതെ പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കളുടെ വിശദാംശം താഴെ ചേർക്കുന്നു. കൈപ്പറ്റാത്ത പദ്ധതി വിഹിതം തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/ മേൽ വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1. | ബാബു ജോസഫ് | 1260/- |
| 2. | ജയന്തി ഗോപി | 1260/- |

## 3-6 പ്രിന്റർ വാങ്ങൽ ഐകെഎം സ്പെസിഫിക്കേഷനിലുള്ള ഗ്യാരണ്ടി ഉറപ്പ വരുത്തിയിട്ടില്ല.

പദ്ധതി നമ്പർ-74/16&188/16

ഡിഡി നമ്പർ-714052/30.10.15-92700/-

ഡിഡി നമ്പർ-718792/30.3.16-14400/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

മേൽ പദ്ധതി പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും 2 പദ്ധതികളിലായി വാങ്ങിയിട്ടുണ്ട്. സീറ്റ ഐ.ടി സൊല്യൂഷൻസ്, ഇ കോർ മാ ർക്കറ്റിങ്ങ് എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് ഇവ വാങ്ങിയിട്ടുള്ളത്. സീറ്റ ഐ.ടി സൊല്യൂഷൻസ് പ്രിന്ററിന് 2 വർഷവും കമ്പ്യൂട്ടറിന് 3വർഷവും ആണ് വാറണ്ടി നൽകിയിട്ടുള്ളത് . ഇ കോർ മാ ർക്കറ്റിങ്ങ് പ്രിന്ററിന് 1 വർഷത്തെ വാറണ്ടിയാണ് നൽകിയിരിക്കുന്നത്. ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പരസ്യത്തിലും ഗ്യാരണ്ടിയുടെ വിശദാംശം സൂചിപ്പിച്ചിട്ടില്ല. സ.ഉ.(സാധാ) നം. 1838/2012/ത.സ്വ.ഭ.വ തീയതി 03.07.12 പ്രകാരം കമ്പ്യൂട്ടറിന് 5 വർഷം, പ്രിന്ററിന് 3 വർഷം, എന്നിങ്ങനെയുള്ള വാറന്റിയോടുകൂടിയ (ഐ.കെ.എം സ്പെസിഫിക്കേഷൻ) കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുമാണ് വാങ്ങേണ്ടത്. മേൽ സ്ഥാപനത്തിൽ നിന്നും സർക്കാർ ഉത്തരവു പ്രകാരമുള്ള വാറന്റി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ,കൈപ്പറ്റ് രസീത് ഇല്ല .ചെലവ് തുക തടസ്സപ്പെടുത്തുന്നു.

വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രശീത്എന്നിവ ഹാജരാക്കാത്തതിനാൽ 1,24,711/- രൂപ തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡിഡി നമ്പർ/തുക | കൈപ്പറ്റിയ ആളുടെ വിശദാംശം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 176/16 സ്ട്രീറ്റ്മെയിൻ വലിക്കൽ | സെക്രട്ടറി | 616285/16.7.15-57021/- | അസി.എൻജിനീയർ, കെഎസ് ഇബി ഇലക്ട്രിക്കൽ ഡിവിഷൻ,കൊമ്പിടി | കരാർ വച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത്ഇല്ല. |
| 2 | 174/16 വാർഡ്2 ൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | ” | 718802/30.3.16-5390/- ബിൽ നമ്പർ-32/15/13.10.15-62300/- | അസി.എൻജിനീയർ, കെഎസ് ഇബി ഇലക്ട്രിക്കൽ ഡിവിഷൻ,കൊമ്പിടി | കരാർ വച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം, ഇല്ല |
| | | ആകെ | 124711/- | | |

## 3-8 സിഡ്കോയിൽ നിന്ന് പ്ളാസ്റ്റിക്ക് ഫർണീച്ചർ -ഉത്തരവിന് വിരുദ്ധം

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

സ.ഉ.(ആർറ്റി)74/14/എസ്.പി.ഡി/19.12.14,സ.ഉ.(ആർറ്റി)26/15/എസ്.പി.ഡി/28.5.15 ഉത്തരവ് പ്രകാരം സ്റ്റീൽ,മരം എന്നിവ കൊണ്ട് സിഡ്കോയോ, സിഡ്കോയിൽ രജിസ്റ്റർ ചെയ്ത MSME യൂണിറ്റുകളോ നിർമ്മിച്ച ഫർണീച്ചറുകൾ മാത്രമാണ് ടെണ്ടർ ഇളവോടെ വാങ്ങുവാൻ സർക്കാർ അനുമതി ഉള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി പഞ്ചായത്ത് സിഡ്കോ നിർമ്മിക്കാത്ത പ്ലാസ്റ്റിക്ക് ഫർണീച്ചർ രണ്ട് പദ്ധതികളിലായി വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ/പേര് | വാങ്ങിയ സാധനങ്ങളുടെ വിവരം | ഡി.ഡി.നം/തീയതി |
|---|---|---|
| 186/16 കമ്മ്യൂണിറ്റ് ഹാളിന്റെ അടിസ്ഥാന സൗകര്യം | 250 പ്ലാസ്റ്റിക്ക് കസേരകൾ നീൽകമൽ | 715998/30.10.15 |
| 188/16 പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം | 20പ്ലാസ്റ്റിക്ക് കസേരകൾ നീൽകമൽ | 616498/24.7.15 |

സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-9 ശുചിത്വ മിഷൻ ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടില്ല.

മാലിന്യ സംസ്കരണ ബയോഗ്യാസ് പ്ലാന്റ് പദ്ധതി (വീടുകളിൽ )നടപ്പിലാക്കുന്നതിനായി ശുചിത്വ മിഷനിൽ നിന്ന്

ലഭിച്ച ഫണ്ട് പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം 662500/-രൂപ നീക്കിയിരിപ്പുണ്ട്. 2015-16 ൽ ബയോഗ്യാസ് പ്ലാന്റ് പദ്ധതി തയ്യാറാക്കിയിട്ടില്ല. ശുചിത്വ മിഷൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 തെരുവ് വിളക്കുകൾ എഎംസി എടുത്ത കരാറുകാരിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നം. – 27/16

പഞ്ചായത്ത് തെരുവ് വിളക്കുകൾ എഎംസി എടുത്ത കരാറുകാരന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും ആദായ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പണം കൈപ്പറ്റിയ വ്യക്തിയുടെ പേര് | ഡിഡി നമ്പർ | തുക |
|---|---|---|
| അഷ്റഫ് വി.എം | 618339/15.6.15 | 60176/- |

ആദായനികുതി നിയമം വകുപ്പ് 194 സി പ്രകാരം കരാറുകാരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 1 ശതമാനം ആദായ നികുതി ഈടാക്കേണ്ടതാണ്.

## 3-11 ജനറേറ്റർ വാങ്ങൽ–അപാകതകൾ

പദ്ധതി നമ്പർ-74/16

ഡിഡി നമ്പർ-717533/2.3.16 – തുക 4,64,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

മേൽ പദ്ധതി പ്രകാരം പവർ കെയർ സെയ്ൽസ് ആന്റ് സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നും ജനറേറ്റർ വാങ്ങുകയും പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെയ്തു. നിലവിൽ ജനറേറ്റർ പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. എന്നാൽ പ്രസ്തുത വാങ്ങൽ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നമ്പർ-ബി2-1490/16/EIR/22.2.16 ലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള കത്ത് പ്രകാരം (സ്കീം അനുമതി നൽകിയ കത്ത്)സ്കീമിനു മാത്രമേ അനുമതി നൽകുന്നുള്ളൂ എന്നും എനർജൈസേഷൻ നടത്തുന്നതിനു മുൻപ് കോണ്ട്രാക്ടറിൽ നിന്നുള്ള കംപ്ലീഷൻ റിപ്പോർട്ട് സഹിതം സമർപ്പിക്കുന്ന മുറക്ക് മാത്രമേ എനർജൈസേഷൻ അനുമതി നൽകുകയുള്ളൂ എന്നും അനുമതി ഇല്ലാതെ എനർജൈസേഷൻ നടത്തുന്നത് ശിക്ഷാർഹമാണ് എന്നും അറിയിച്ചിരുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി വാങ്ങിയതായി ഫയലിൽ രേഖകൾ ഇല്ല. അനുമതി ഇല്ലാതെ എനർജൈസേഷൻ നടത്തിയതിന് വിശദീകരണം ആവശ്യമാണ്.

## 3-12 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ–അറ്റകുറ്റപ്പണി നടത്തുന്ന കരാറുകാരന് നൽകാതെ ഉപകരണങ്ങൾ മെമ്പർമാർക്ക് കൈമാറുന്നു

2015-16 സാമ്പത്തിക വർഷം 27/16 പദ്ധതി പ്രകാരം 2 തവണയായി തെരുവ് വിളക്ക് ഉപകരണങ്ങൾ ക്രൂസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി. വിശദാംശം താഴെ ചേർക്കുന്നു.

1.ഇൻവോയ്സ് നമ്പർ-0079/1.6.15-347549/-രൂപ

| വാങ്ങിയ സാധനങ്ങൾ | എണ്ണം | മെമ്പർമാർക്ക് കൈമാറിയത് |
|---|---|---|
| 2*15വാട്ട് സിഎഫ്എൽ | 180 | 180 |
| 14വാട്ട് സിഎഫ്എൽ | 600 | 294 |
| 40വാട്ട് ട്യൂബ് | 300 | 288 |
| സ്റ്റാർട്ടർ | 100 | 90 |

| | | |
|---|---|---|
| പെൻഡന്റ് ഹോൾഡർ | 200 | 198 |
| റോട്ടർ ഹോൾഡർ | 100 | 90 |
| ചോക്ക് | 100 | 90 |

2.ഇൻവോയ്സ് നമ്പർ-ബി-209/15/7.1.16

| വാങ്ങിയ സാധനങ്ങൾ | എണ്ണം | മെമ്പർമാർക്ക് കൈമാറിയത് |
|---|---|---|
| 14വാട്ട് സിഎഫ്എൽ | 270 | 270 |
| 40വാട്ട് ട്യൂബ് | 180 | 180 |
| സ്റ്റാർട്ടർ | 50 | 36 |
| പെൻഡന്റ് ഹോൾഡർ | 40 | 36 |
| റോട്ടർ ഹോൾഡർ | 50 | 36 |
| ചോക്ക് | 20 | 18 |

മേൽ പ്രകാരം സ്റ്റോക്കിൽ എടുത്ത സാമഗ്രികൾ തീയതി കാണിക്കാതെ ഒരൊറ്റ തവണയായി എല്ലാ സാമഗ്രികളും മെമ്പർമാർക്ക് കൈമാറിയതായും ബാക്കി ഓഫീസ് ഉപയോഗത്തിനെടുത്തതായും കാണിച്ച് സ്റ്റോക്കിൽ നിന്ന് മുഴുവൻ സാധനങ്ങളും കുറവ് ചെയ്ത് കാണിക്കുകയാണ് ചെയ്തിരിക്കുന്നത്. ഫയൽ പ്രകാരം കരാറുകാരൻ പല തീയതികളിലായാണ് അറ്റകുറ്റപ്പണി നടത്തിയിരിക്കുന്നത്. ഇവ ആവശ്യമായ സന്ദർഭങ്ങളിൽ കരാറുകാരന് നൽകാതെ , സ്റ്റോക്ക് NIL ആക്കുന്നതിനായി മെമ്പർമാർക്ക് നൽകിയതായി കാണിക്കുന്നത് ശരിയായ നടപടിക്രമമല്ല. സ്റ്റോക്ക് സൂക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ ബാധ്യത ആണ്. മേൽ പ്രകാരം നൽകുന്നതിനാൽ ഗ്യാരണ്ടി ഉള്ളവ കേടാകുന്ന സന്ദർഭങ്ങളിൽ അവ മാറ്റി വാങ്ങുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കുവാനും സാധിക്കുന്നില്ല. ആയതിനാൽ ഭാവിയിൽ ഇത്തരം വാങ്ങലുകളിൽ തെരുവ് വിളക്ക് സാമഗ്രികൾ ആവശ്യാനുസരണം കരാറുകാരന് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 പഞ്ചായത്ത് ഓഫീസ് നവീകരണം -അപാകതകൾ

പദ്ധതി നമ്പർ-160/16

ഫണ്ട്-ലോക ബാങ്ക് വിഹിതം

ഡിഡി നമ്പർ-715465/31.12.2015-1740045/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

8.11.2010 ലെ ജി.ഒ.(പി) നം.259/2010/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലോകബാങ്ക് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ ടെണ്ടർ നടപടി ക്രമത്തിലൂടെ മാത്രമേ നടപ്പിലാക്കാവൂ. ഇതിനു വിരുദ്ധമായി സിഡ്കോ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

2)അക്രഡിറ്റഡ് ഏജൻസി മുഖേന നടത്തിയ പണി-ആദായ നികുതി, നിർമ്മാണ തൊഴിലാളി വിഹിതം എന്നിവ കുറവ് ചെയ്തിട്ടില്ല. സ.ഉ.(എം.എസ്)നമ്പർ.133/2007/18.5.2007 ഉത്തരവ് ഖണ്ഡിക 2 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഇൻകം ടാക്സ് , വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതും ആയത് സ്ഥാപനം അടവാക്കേണ്ടതുമാണ്. പ്രാബല്യത്തിലുള്ള നിരക്കുകൾ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് തുകയ്ക്ക് പുറമെയാണ് ഈ ചെലവുകൾക്കുള്ള തുക വകയിരുത്തേണ്ടത്. ഖണ്ഡിക 15 പ്രകാരം നികുതികളും നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതവും തദ്ദേശഭരണസ്ഥാപനം നേരിട്ട് അടക്കണം. എന്നാൽ പഞ്ചായത്തിലെ അസി.എൻജിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഇൻകം ടാക്സ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ അടവാക്കുകയോ ബില്ലിൽ നിന്ന് കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. വാറ്റ് ഉൾപ്പെടെയുള്ള തുകയാണ് സിഡ്കോക്ക് നൽകിയിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| ബിൽ തുക | 1519690.00/- |
| വാറ്റ് 14.5% | 220355.05/- |

| | |
|---|---|
| ആകെ | 1740045.05 (ഡിഡി നം.715465/ 31.12.15) |

ഇൻകം ടാക്സ് ,നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയില്ല.

ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നടപ്പാക്കിയ പ്രോജക്റ്റ് നമ്പർ SO 34/2015-16 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 8,00,000/- രൂപ വകയിരുത്തിയതിൽ 2,00,000/- രൂപ ജില്ലാപഞ്ചായത്ത് വിഹിതമായിരുന്നു. എന്നാൽ 2014-15 ൽ ഇതേ പദ്ധതിക്കായി സ്പിൽ ഓവറായി അനുവദിച്ചിരുന്നതിൽ ബാക്കിയുണ്ടായിരുന്ന 1,00,000/-രൂപ മാത്രമാണ് ഈയിനത്തിൽ ചെലവഴിച്ചത്. യഥാർത്ഥത്തിൽ മുൻ വർഷത്തിൽ ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ച് യഥാസമയം വിനിയോഗ സാക്ഷ്യപത്രം നൽകാതിരുന്നതു മൂലം തൻ വർഷത്തിൽ പ്രോജക്ടുകൾക്കായി ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുക ലഭിക്കാതെ പോയി.

ഇതേ രീതിയിൽ SO38/2015-16 പദ്ധതി ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി വകയിരുത്തിയ 40,0,000/-രൂപയിൽ ജില്ലാപഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തിയിരുന്ന 100,000/-രൂപയും ലഭിച്ചിട്ടില്ല. പദ്ധതിയുടെ ഗുണഭോക്താക്കളായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്ത 29 പേർക്കായി 7.1.16 ന് നടത്തിയ ഉപകരണ നിർണ്ണയ ക്യാമ്പിൽ പങ്കെടുത്ത 25 പേർക്ക് ഉപകരണങ്ങൾ നൽകുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആകെ 16 പേർക്ക് മാത്രമാണ് ഉപകരണങ്ങൾ നൽകാൻ സാധിച്ചത്. പ്രോജക്ടിൽ വകയിരുത്തിയ തുക ലഭിക്കാതിരുന്ന മൂലം മുഴുവൻ ഗുണഭോക്താക്കൾക്കും ഉപകരണങ്ങൾ നൽകാൻ സാധിച്ചില്ല. ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 സ്റ്റോക്ക് രജിസ്റ്ററുകൾ പൊരുത്തപ്പെടാത്തത്.

ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നടപ്പാക്കിയ SO 3/15-16 പദ്ധതി പ്രകാരം അംഗൻവാടികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം, ധാന്യ മിശ്രിതം എന്നിവ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ കാണും പ്രകാരം വ്യത്യാസം കാണുന്നു.

| അംഗൻവാടി നമ്പർ/മാസം | ഇനം | ഐ.സി.ഡി.എസ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | അംഗൻവാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം |
|---|---|---|---|
| നമ്പർ.100/ജൂൺ | പൊട്ടുകടല | 5kg | 10kg |
| | അവിൽ | 50kg | 40kg |
| | ടി.എച്ച്.ആർ.എസ്. | 35kg | 30kg |
| നമ്പർ.6/ജൂൺ | വെളിച്ചെണ്ണ | 3.pkt | - |
| | പൊട്ടുകടല | 2kg | 5kg |

വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-16 പിൻവാങ്ങിയ കരാറുകാരന് നിരതദ്രവ്യം തിരികെ നൽകി- പഞ്ചായത്തിന് നഷ്ടം തുക ഉത്തരവാദികളിൽ നിന്നും ഈടാക്കണം.

| ബിൽ നം./തീയതി | തുക |
|---|---|
| 31/15-16 10.02.16 | 3,80,710 |
| 41/15-16 03.03.16 | 1,73,050 |
| 48/15-16 21.03.16 | 34,610 |
| 43/15-16 09.03.16 | 34,610 |
| ആകെ | 6,22,980 |

തൻ വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ SO 130/16 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിക്കായി വകയിരുത്തിയ 10,72,932 രൂപയിൽ 6,22,980 രൂപ ചെലവഴിച്ച് 18 പേർക്ക് ലാപ് ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. 30.11.15ന് ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച 7 ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രൂഡന്റ് ടെക്നോളജീസ്, കൊടുങ്ങല്ലൂർ എന്ന സ്ഥാപനം പിന്നീട് ടെണ്ടറിൽ നിന്ന് പിൻവാങ്ങുകയും രണ്ടാമത്തെ കുറവ് നിരക്ക് രേഖപ്പെടുത്തിയ സീറ്റാ ഐ.ടി.ഇന്നവേഷൻസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ലാപ് ടോപ്പുകൾ വാങ്ങുകയും ചെയ്തു. നിരക്കുകൾ തമ്മിൽ 4610 രൂപയുടെ വ്യത്യാസമുണ്ട്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം ടെണ്ടറിൽ നിന്നും വ്യക്തമായ കാരണം കൂടാതെ പിൻവാങ്ങിയതു മൂലം പഞ്ചാത്തിന് 82980 രൂപ അധികം നൽകേണ്ടി വന്നിട്ടുണ്ട്. (34610-31000=4610x18 എണ്ണം = 82980) എന്നാൽ ടെണ്ടറിൽ നിന്നും പിൻവാങ്ങിയ സ്ഥാപനം ആവശ്യപ്പെട്ടതിനെ തുടർന്ന് നിരതദ്രവ്യമായി അടവാക്കിയ 8000 രൂപ ആറുമാസത്തിനു ശേഷം മടക്കി നൽകുന്നതിന് 15.10.16 ലെ 3(1) നമ്പർ പ്രകാരം തീരുമാനമെടുക്കുകയും 16.1.16 ലെ 21600622 വൗച്ചർ പ്രകാരം തിരികെ നൽകുകയും ചെയ്തു.

ടെണ്ടർ ഫോറത്തിലെ പൊതു വ്യവസ്ഥകളിലെ ക്രമനമ്പർ 12(a) (കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുഛേദം 130 അനുബന്ധം VI ടെണ്ടർ ഫോറം മാതൃക) പ്രകാരം ടെണ്ടർ ലഭിച്ച കരാറുകാരൻ കരാറിൽ ഏർപ്പെടുന്നതിന് മുൻപായി ടെണ്ടറിൽ നിന്നും പിൻവാങ്ങുന്ന സംഗതിയിൽ ടിയാൻ അടവാക്കിയ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനും ഇത്തരത്തിൽ പിൻവാങ്ങുന്നതു മൂലം സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശങ്ങൾ പാലിക്കാതെ നിരതദ്രവ്യം തിരികെ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങളിൽ നിന്നും നിരതദ്രവ്യമായി തിരികെ നൽകിയ തുക തുല്യമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 മീഡിയാശ്രീക്കു നൽകിയ തുക -തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

SO 85/16 പദ്ധതി പ്രകാരം ഭരണസമിതിയുടെ നേട്ടങ്ങൾ ഡോക്യുമെന്ററിയായി പുറത്തിറക്കുന്നതിന് 65,000/- രൂപ ഡി.ഡി. നമ്പർ 6166486 തിയതി.24.7.15ആയി കുടുംബശ്രീ. ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഡോക്യുമെന്ററി ഇതുവരെ ലഭിച്ചിട്ടില്ല. ഡോക്യുമെന്ററി ലഭിക്കുന്നതു വരെ തുക താൽക്കാലികമായി തടസ്സത്തിൽ വെയ്ക്കുന്നു.

## 3-18 കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് അടവാക്കുവാൻ കമ്മറ്റി തീരുമാനം-പുന പരിശോധിക്കേണ്ടതാണ്.

വേളൂക്കര പഞ്ചായത്തിലെ 41 കുടിവെള്ള പദ്ധതികളിൽ 30 എണ്ണം എസ് സി പദ്ധതികളും 11 എണ്ണം ജനറൽ പദ്ധതികളുമാണ്. ഇവ പല കാലയളവിലായി കമ്മീഷൻ ചെയ്തവയാണ്. എന്നാൽ കറന്റ് ചാർജ്ജ്, അറ്റകുറ്റപ്പണി എന്നിവയുടെ ചാർജ്ജ് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് അടച്ചു വരുന്നതാണ്. 2010-11 മുതൽ 2014-15 വരെ 11,33961/- രൂപ 11ജനറൽ പദ്ധതികളുടെ നടത്തിപ്പിനായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. 30.5.2009 ലെ 1275/09 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് അവയെ ഏൽപ്പിക്കേണ്ടതും കറന്റ് ചാർജ്ജ്, അറ്റകുറ്റപ്പണി എന്നിവ അവർ വഹിക്കേണ്ടതുമാണ്.

പഞ്ചായത്ത് കമ്മറ്റി തീരുമാനം 2(1)/27.8.15 തനത് ഫണ്ടിൽ നിന്ന് അടച്ചുവരുന്ന പ്രസ്തുത ചെലവുകൾ തുടരുവാൻ തീരുമാനമെടുത്തു. 21.8.15 ലെ കമ്മറ്റിയിൽ സെക്രട്ടറി ഈ തീരുമാനം പുന പരിശോധിക്കുവാൻ രേഖാമൂലം

ആവശ്യപ്പെട്ടിട്ടും കമ്മറ്റി തീരുമാനം 6/21.8.15 പ്രകാരം തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതായി രേഖപ്പെടുത്തി. കേരള പഞ്ചായത്ത് രാജ് ആക്ട് നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടി ക്രമത്തിലെ ചട്ടങ്ങൾ 3,4.6 എന്നിവ പ്രകാരം തന്റെ 4591/14/24.8.15&16.9.15 കത്തുകൾ മുഖേന സെക്രട്ടറി ഈ വിവരങ്ങൾ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള സർക്കാർ തീരുമാനം ലഭ്യമായിട്ടില്ല.(സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പിനെ). ബഹു.ഹൈക്കോടതിയുടെ wp(c )18911of2009(H) ജഡ്ജ്മെന്റ് പ്രകാരം ഭരണ സമിതി എടുക്കുന്ന നിയമാനുസൃതമല്ലാത്ത തീരുമാനം മൂലം പഞ്ചായത്തിന് സാമ്പത്തിക ബാദ്ധ്യത/നഷ്ടം ഉണ്ടായാൽ ആയത് തീരുമാനമെടുക്കുന്ന കമ്മറ്റി അംഗങ്ങളുടെ ബാദ്ധ്യത ആയി കണക്കാക്കാമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കമ്മറ്റി എടുത്ത തീരുമാനം നിയമാനുസൃതമല്ലാത്തതിനാൽ ഈ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് കമ്മറ്റി എടുത്ത തീരുമാനത്തിനെതിരാണ് എങ്കിൽ ആയത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടത്തിന്റെ ഉത്തരവാദിത്വം തീരുമാനമെടുത്ത കമ്മറ്റി അംഗങ്ങൾ വഹിക്കേണ്ടതായി വരുന്നതാണ്. ആയതിനാൽ ഈ വിഷയത്തിൽ പുന: പരിശോധന നടത്തി സർക്കാർ ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 പെയ്ൻ ആന്റ് പാലിയേറ്റീവ് -മരുന്ന് ലഭിക്കുവാൻ കാലതാമസം .

പദ്ധതി നമ്പർ-0086/16

ഡിഡിനമ്പർ-618134/1.6.15 തുക- 33,760/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പിഎച്ച്സി

മേൽ ഡിഡി പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 33760/- രൂ നൽകി. എന്നാൽ മരുന്ന് മുഴുവൻ ലഭിക്കുന്നതിന് ഒരു വർഷത്തിലധികം കാലതാമസം വന്നിട്ടുണ്ട് . വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 1467/2.9.15 | 4355 |
| 1617/23.9.15 | 2020 |
| 2144/26.10.15 | 9053 |
| 4199/6.2.16 | 1972 |
| 1111/30.5.16 | 6020 |
| 1442/11.6.16 | 3060 |
| 2035/18.7.16 | 7280 |
| ആകെ | 33760 |

ഏറ്റവും അവശരായ കിടപ്പു രോഗികൾക്കായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിലേക്കാവശ്യമായ മരുന്ന് കാലതാമസം കൂടാതെ ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 പഞ്ചായത്ത്ഫ്രണ്ട് ഓഫീസ് നിർമ്മാണം കൺസൽട്ടൻസി ചാർജ്ജ് അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പദ്ധതി നമ്പർ-98/16

എം ബുക്ക് നമ്പർ- 2058 പേജ് 30

പഞ്ചായത്ത്ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കോസ്റ്റ്ഫോർഡുമായി കരാറിൽ ഏർപ്പെടുകയും (കരാർ നമ്പർ-02/15-16/18.8.15) പണി പൂർത്തീകരിക്കുകയും ചെയ്തു. കരാറിൽ ജി.ഒ.(പി)408/2007/Fin. തീ.7.9.2007 പ്രകാരം 9.12%(8%+14 % സർവീസ് ടാക്സ്) കൺസൾട്ടൻസി ചാർജ്ജ് ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ജി.ഒ.(എംഎസ്)133/2007/ ത.സ്വ.ഭ.വ ,18.5.2007 ഉത്തരവ് ആണ് തദ്ദേശ ഭരണ സ്ഥാനങ്ങൾക്ക് ബാധകം.(ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി 01.01.2013 ലെ 110931/ND&PWB2.12/ധനം പ്രകാരം തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് ജി.ഒ (എം.എസ്) 133/07/ത.സ്വ.ഭ.വ. തിയ്യതി 18.05.2007 പ്രകാരമുള്ള

ഉത്തരവിലെ നിബന്ധനങ്ങളാണ് ബാധകമായിട്ടുള്ളതെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.) ആയതുപ്രകാരം 2.5% കൺസൾട്ടൻസി ചാർജ്ജ് മാത്രമേ നൽകേണ്ടതുള്ളൂ. ഫൈനൽ ബിൽ പ്രകാരം ആകെ ചെലവ് 1115304.98/-രൂപ ആണ്. ഈ തുകയുടെ 2.85% തുകയായ (14%സർവ്വീസ് ടാക്സ് അടക്കം) 31786/-രൂപക്ക് മാത്രമാണ് അർഹത ഉള്ളത്. എന്നാൽ 101715.8/-രൂപ കൺസൾട്ടൻസി ചാർജ്ജ് ആയി നൽകിയിട്ടുണ്ട്. അധികം നൽകിയ 69929.8 -രൂപ തിരികെ ഈടാക്കേണ്ടതാണ് .

## 3-21 മെഡിക്കൽ ഓഫീസർ ആയുർ വേദം നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 2 പ്രോജക്ടുകളുടെ ഭാഗമായി ബിൽനം1/2015-16, തീയതി 7.8.2015 പ്രകാരം 3,00,000/- രൂപയും ബിൽനം2/2015-16 തീയതി 9.10.2015 പ്രകാരം 3,00,000/- രൂപയും അടക്കം 6,00,000 /-രൂപ 2015-16 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെകൊടുക്കുന്നു . ആയത് വിശദീകരിക്കേണ്ടതാണ്.

1.ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ ,രോഗപ്രതിരോധം ആയുർവ്വേദത്തിലൂടെ എന്നി രണ്ട് പ്രോജക്ടിലൂടെ 6 ലക്ഷം രൂപ ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 2015-16 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.മരുന്ന് വാങ്ങുക എന്ന ഒരേ ആവശ്യത്തിനായി രണ്ട് പ്രോജക്ടിലൂടെ പണം ചെലവഴിക്കേണ്ട ആവശ്യകത എന്തായിരുന്നുവെന്ന് വിശദീകരിക്കേണ്ടതാണ്.

2.നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ഒന്നും പദ്ധതി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

3.മരുന്ന് വാങ്ങിയത് ഔഷധിയിൽ നിന്നാണ് എന്നാൽ ഈസ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. 27-2-2006 ലെ സർക്കുലർ നം5398/DP1/2006/LSGD പ്രകാരം കരാറിൽ ഏർപ്പെടണമെന്ന് പറഞ്ഞിട്ടുണ്ട് .എന്നാൽ എന്തുകൊണ്ടാണ് ഈസ്ഥാപനവുമായി കരാറിൽ ഏർപ്പെടാതിരുന്നതെന്ന് വിശദീകരിക്കേണ്ടതാണ്.

4..27-2-2006 ലെ സർക്കുലർ നം5398/DP1/2006/LSGD പ്രകാരം 2 മാസത്തിനുള്ളിൽ മരുന്ന് വിതരണം നടത്തേണ്ടതാണ്. 2015 മാസത്തിൽ പൈസ അടച്ചതാണെങ്കിലും സപ്തംബർ,ഒക്ടോബർ മാർച്ച് മാസങ്ങളിൽ മരുന്ന് വിതരണം ചെയ്തതായി കാണുന്നു.

5.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 3-22 മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ് പെൻസറി നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ഹോമിയോ

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടിന്റെ ഭാഗമായി ബിൽനം1/2015-16 പ്രകാരം 1,00,000/- രൂപ 2015-16 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെകൊടുക്കുന്നു.

1. ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 2015-16 വർഷത്തിൽ 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട് .എന്നാൽ ഇങ്ങനെ മരുന്ന് വാങ്ങുന്നതിന് മുമ്പായി ജില്ല മെഡിക്കൽ ഓഫീസറിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്ന് GO(MS)362/2013 LSGD LF/D തിയ്യതി16-11-2013 പ്രകാരം പറഞ്ഞിട്ടുണ്ട് . എന്നാൽ ഇത് ഓഡിറ്റ് വർഷത്തിൽ പാലിച്ചിട്ടില്ല.

2. നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ഒന്നും പദ്ധതിറിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

3. മരുന്ന് വാങ്ങിയത് ആലപ്പുഴയിലെ സഹകരണ ഹോമിയോ ഫാർമസിയിൽ നിന്നാണ്. എന്നാൽ ഈസ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല . GO(MS)362/2013 LSGD LF/D തിയ്യതി16-11-2013 പ്രകാരം മരുന്ന് വാങ്ങുമ്പോൾ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് പറഞ്ഞിട്ടുണ്ട് .എന്നാൽ ഈസ്ഥാപനവുമായി ഓഡിറ്റ് വർഷത്തിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

## 3-23 എസ്.എസ്.എ വിഹിതം നൽകൽ -അപാകതകൾ

2015-16 വർഷത്തിൽ എസ്.എസ്.എ വിഹിതം നൽകൽ പദ്ധതിയുടെ ഭാഗമായി ബിൽ നം 1/2015-16 പ്രകാരം 5,10,746/- രൂപ 2015-16 വർഷത്തേക്ക് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ്.

1. G.O.(m.s) 362/2013 ത.സ.ഭ.വ തിയ്യതി 16-11-2013 പ്രകാരം സർക്കാർ നിശ്ചയിക്കുന്നത് പ്രകാരമുള്ള തുക ഗ്രാമ പഞ്ചായത്ത് എസ്.എസ്.എ പ്രോജക്ടിനുവേണ്ടി വകയിരുത്തേണ്ടതുണ്ട്. എസ്.എസ്.എ യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടേയും പങ്കാളിത്തത്തോടെയാണ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ പദ്ധതിയിൽ പദ്ധതിയുടെ ഉദ്ദേശം, ലക്ഷ്യങ്ങൾ,പ്രവർത്തന രീതി,പദ്ധതി നടത്തിപ്പിൽ പാലിക്കേണ്ട കാര്യങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി തയ്യാറാക്കുമ്പോൾ ആവശ്യമായ മുഴുവൻ വിവരങ്ങളും പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.
2. 16-11-2013 ലെ ഉത്തരവ് പ്രകാരം ആകെ ചെലവിന്റെ 35% തുകയാണ് ഗ്രാമപഞ്ചായത്തുകൾ പദ്ധതി വിഹിതമായി എസ്.എസ്.എ.ക്ക് കൈമാറേണ്ടത് ഇതനുസരിച്ച് ഗ്രാമ പഞ്ചായത്ത് നൽകിയ തുകക്ക് SSA വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് .എന്നാൽ 2015-16 വർഷത്തിൽ പഞ്ചായത്ത് നൽകിയ 5,10,746/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല
3. SSA സമർപ്പിക്കുന്ന വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് SSAക്ക് നൽകേണ്ട 35% വിഹിതം എത്രയെന്ന് നിശ്ചയിക്കുന്നത്. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ തുക അടുത്ത വർഷത്തിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

## 3-24 പത്താംതരം തുല്യതാഫീസ് അടവാക്കൽ-അപാകതകൾ

പത്താംതരം തുല്യതാഫീസ് അടവാക്കൽ- പ്രോജക്ട് നമ്പർ 50/16 പദ്ധതിയുടെ ഭാഗമായി ബിൽനം 2/2015-16 തീയതി 6.12.2015 പ്രകാരം 8970/- ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്, കുടപ്പശ്ശേരി ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി13 കുട്ടികളുടെ പരീക്ഷ ഫീസ് ഒരാൾക്ക് 690/-ക്രമത്തിൽ അടവാക്കിയിട്ടുണ്ട്.ഒരു കുട്ടിയുടെ പരീക്ഷ ഫീസ് 690/-രൂപ ചലാൻ നം113 തിയ്യതി 07.10.2016 പ്രകാരം തിരിച്ചടച്ചിട്ടുണ്ട് .പരീക്ഷ എഴുതിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ 6 കുട്ടികൾ മാത്രമെ ക്ലാസിൽ പങ്കെടുത്ത് പരീക്ഷ എഴുതിയിട്ടുള്ളൂ.താഴെ പറയുന്നവർ ക്ലാസിൽ പങ്കെടുക്കുകയോ പരീക്ഷ എഴുതുകയോ ചെയ്തിട്ടില്ല.

| ക്രമ നം | പേര് | ഫോൺ നം |
|---|---|---|
| 1 | ഷാരോൺ KS | 8281301147 |
| 2 | സിന്റോ PA | 9656493237 |
| 3 | ബിനോയ് KJ | 9567191758 |
| 4 | ഗിരിഷ് CA | 9847505602 |
| 5 | സിബിൻ KG | 7736060883 |
| 6 | ഡെന്നി | 8113858431 |

ക്ലാസിൽ പങ്കെടുക്കാതിരുന്ന കുട്ടികളുടെ ഫീസ് അടുത്ത വർഷത്തിൽ തിരിച്ചു പിടിക്കുകയോ അവരെ പരീക്ഷക്ക് ഇരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-25 മരാമത്ത് പണികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

1. G.O.(P) NO 84/97/PW&T തിയ്യതി 19-8-1997 പ്രകാരം കരാറുകാരന് കരാർ അനുസരിച്ച് അനുവദനീയമായ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തികരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, കാലതാമസം കോൺട്രാക്റ്ററുടേതായ

കാരണത്താൽ അല്ലെങ്കിൽ കരാർ കാലയളവിന്റെ 20% സമയം ഗ്രേസ് പിരീഡായി അനുവദിക്കാവുന്നതാണ്. ഇത് കഴിഞ്ഞുള്ള കാലതാമസത്തിന് കരാർ തുകയുടെ 1% വും തുടരനുവരുന്ന 3 മാസങ്ങൾക്ക് 2%വീതവും പിഴ ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ പിഴ ഈടാക്കാത്തതിനാൽ ഓഡിറ്റ് വർഷത്തിൽ 15,304/-രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഇത് ബന്ധപെട്ടവരിൽ നിന്ന് തിരിച്ചു പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | മരാമത്ത് പണിയുടെ പേര്, കോൺട്രാക്ടർ /കൺവീനറുടെ പേര് | എസ്റ്റിമേറ്റ്/ കരാർ തുക | സെലക്ഷൻ നോട്ടിസ്/ കരാർ തിയ്യതി | കരാർ കാലാവധി/ പണിപൂർത്തിയായ തിയ്യതി | കരാർ പ്രകാരമുള്ള തിയ്യതി/അധികമുപയോഗിച്ച സമയം | പിഴ PAC യുടെ 1%+2% | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1. | മെറ്റലിംഗ് &റീടാറിംഗ് വിവിധ റോഡുകൾ KKവിൻസന്റ് | 4 51 000/ 4 51 000 | ഹാജരാക്കിയിട്ടില്ല /31-8-15 | 4മാസം 5-2-16 | 30-12-15 37 ദിവസം | 1854 | എസ്റ്റിമേറ്റ്റേറ്റ് ബിൽ79/15-16 = 286617 |
| 2 | വെങ്കുളംSCകോളനി റോഡ് ഫില്ലിംഗ് A | 2 00 000/ 1 81 667 | തിയ്യതി വെച്ചിട്ടില്ല /4-8-15 | 4മാസം 22-1-16 | 3-12-15 41ദിവസം | 828 | എസ്റ്റിമേറ്റ്റേറ്റ് ബിൽ82/15-16= 1 81 667 |
| 3 | പകരപ്പിള്ളിതാഴം പാടശേഖരം ബണ്ട് KL ജോയി | 40 000/ 40 000 | ഹാജരാക്കിയിട്ടില്ല /10-3-15 | 4മാസം 19-1-16 | 10-7-15 6മാസം 8ദിവസം | 1271 | എസ്റ്റിമേറ്റ്റേറ്റ് ബിൽ 69/15-16 40 000 |
| 4 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി KL ജോയി | 7 35 000/ 7 35 000 | ഹാജരാക്കിയിട്ടില്ല /5-1-15 | 4മാസം 23-9-15 | 5-5-15 3മാസം 49ദിവസം | 11 351 | എസ്റ്റിമേറ്റ്റേറ്റ് ബിൽ 30/15-16 5 80 360 |
| | | | | | | 15,304 | |

## 3-26 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ പദ്ധതികൾ-പൊതു അപാകതകൾ

2015-16 വർഷത്തിൽ 99 പദ്ധതികൾ ഉണ്ടായിരുന്നതിൽ 90 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി 3,13,25,562 രൂപ വകയിരുത്തിയതിൽ 31-3-2016 വരെ 2,63,79,653/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ പരിശോധനയിൽ കണ്ട പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1.ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

ഫയലിൽ നിന്ന് എന്തെങ്കിലും രേഖകൾ നഷ്ടപ്പെട്ടാൽ /എടുത്തുമാറ്റിയാൽ അറിയാനോ/കണ്ടുപിടിക്കുവാനോ കഴിയാത്ത രീതിയിലാണ് നിലവിലുള്ള ഫയൽ സൂക്ഷിപ്പ് രീതി .ഇത് ശരിയായ നടപടിക്രമമല്ല. ഫയൽ പേജുകളിൽ ക്രമമായി നമ്പരിട്ട് സൂക്ഷിക്കുന്ന സംവിധാനം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

2.രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്ന പലരേഖകളിലും കൃത്യമായ വിവരങ്ങളും തിയതികളും രേഖപെടുത്തുന്നില്ല. കരാറുകാരുടെ KVATരജിസ്ട്രേഷൻ വിവരങ്ങൾ ,വാറ്റ് കോമ്പൗണ്ട് ചെയ്ത സാക്ഷ്യപത്രം, പഞ്ചായത്ത് കമ്മിറ്റി പ്രവൃത്തി അംഗീകരിച്ച തീരുമാനം , സെലക്ഷൻ നോട്ടീസ്, എത്ര EMD എത്ര SD അടവാക്കി എന്നിവയൊന്നും കൃത്യമായി ഫയലിൽ സൂക്ഷിക്കുന്നില്ല. ടെണ്ടർ ലഭിച്ച കഴിഞ്ഞതിന് ശേഷം ടെണ്ടർ നിരക്കുകളുടെ ടാബുലേഷൻ ഷീറ്റ് ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല.

3.പ്രവൃത്തികളുടെ തുടർ പ്രവർത്തനങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിന്നില്ല.

പഞ്ചായത്ത് കോൺട്രാക്ടർ, ഗുണഭോക്തൃ സമിതി എന്നിവയുമായുള്ള കത്തിടപാടുകൾ മറ്റ് തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഒന്നും ഫയലിൽ സൂക്ഷിക്കുന്നില്ല. അതിനാൽ തുടർച്ചയില്ലാത്ത രീതിയിലാണ് നിലവിലെ ഫയൽ സൂക്ഷിപ്പ് സംവിധാനം. ഫയലിനോടൊപ്പം നോട്ട്ഫയൽ സൂക്ഷിക്കുന്ന സംവിധാനം നടപ്പിലാക്കിയാൽ ഇത് പരിഹരിക്കാവുന്നതാണ്.

4.പദ്ധതികളുടെ വിശദാംശങ്ങളൊന്നും പ്രോജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നില്ല.

പദ്ധതികളുടെ വിശദാംശങ്ങളൊന്നും ഓഡിറ്റ് വർഷത്തിൽ പരിശോധിച്ച പ്രോജക്ട് റിപ്പോർട്ടുകളിൽ രേഖപെടുത്തിയിട്ടില്ല. ഇത് അതീവ ഗുരുതരമായ കൃത്യവിലോപമാണ്.

5 .കരാർ ചമക്കുന്നതിലെ അപാകതകൾ.

പ്രവൃത്തി അവസാനിക്കേണ്ട തിയ്യതി കരാറിൽ രേഖപ്പെടുത്തുന്നില്ല .18-9-1997 ലെ ഉത്തരവ് പ്രകാരം കരാർ തിയ്യതിക്ക് പ്രവൃത്തി അവസാനിച്ചില്ലെങ്കിൽ നിയമാനുസരണം 20% സമയം ഗ്രേസ് പിരീഡ് നൽകി ബാക്കി വരുന്ന വൈകിയ സമയത്തിന് ആദ്യ 3 മാസത്തിന് അംഗീകരിച്ച PACയുടെ 1% തുകയും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% തുകയും പിഴയായി ഈടാക്കേണ്ടതാണ്. ഈ നിയമ വ്യവസ്ഥ ഒഴിവാക്കുന്നതിന് ബോധപൂർവ്വ ശ്രമം നടന്നതായി കാണുന്നു. ആയത് വിശദീകരിക്കേണ്ടതാണ്.

6.ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നിലവിലെ അസറ്റ് രജിസ്റ്ററിലുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികളാണോ അല്ലയോ എന്നത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

7. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും പ്രകാരം പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ അംഗങ്ങളും പഞ്ചായത്ത് ഭരണാധികാരികൾ തന്നെയാണ്. ആയതിനാൽ പഞ്ചായത്ത് ഭരണാധികാരികൾ അംഗീകരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഭരണാധികാരികൾതന്നെ മോണിറ്റർ ചെയ്യുന്ന നിലവിലെ രീതി ശരിയല്ല.മോണിറ്ററിംഗ് സമിതികൾ ഗ്രാമസഭയിൽ നിന്ന് തന്നെ തെരഞ്ഞെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്
8 . 2015-16 വർഷത്തിൽ 99 പദ്ധതികൾ ഉണ്ടായിരുന്നതിൽ 90 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി 3,13,25,562/- രൂപ വകയരുത്തിയതിൽ 31-3-2016 വരെ 2,63,79,653/- രൂപ ചെലവഴിച്ചിട്ടുണ്ട്. 49,45,909/- ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കുവാൻ ബാക്കിനിൽക്കുന്നുണ്ട്. വകയിരുത്തതിയ ഫണ്ടിൽ 49.45 ലക്ഷം ചെലവഴിക്കുവാൻ കഴിയാത്ത സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-27 പദ്ധതികൾ ആസൂത്രണമില്ലാതെ നടപ്പിലാക്കുന്നതിനാൽ തനത് ഫണ്ടിന് അധിക ബാദ്ധ്യത

1.വൗച്ചർ നമ്പർ-51500067/24.4.2015

മേനാച്ചേരിത്താഴം പട്ടികജാതി കുടിവെള്ള പദ്ധതി സർവ്വീസ് കണക്ഷൻ ചാർജ്ജ് 42550/-രൂപ അസി.എൻജിനീയർ, കെ എസ് ഇ ബി കൊമ്പിടി സെക്ഷനിലേക്ക് അടവാക്കുന്നതിനായി തനത് ഫണ്ടിൽ നിന്ന് പിൻവലിക്കുവാൻ സെക്രട്ടറിയെ 10.4.15 ലെ കമ്മറ്റി തീരുമാനം നമ്പർ 24 പ്രകാരം ചുതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തുക പിൻവലിച്ചു. പദ്ധതി നമ്പർ-111/15 പ്രകാരം വരൾച്ച ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഓവർഹെഡ് ടാങ്ക്,മോട്ടോർ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി കറന്റ് കണക്ഷൻ എടുക്കേണ്ട ചാർജ്ജ് ഉൾപ്പെടുത്താത്തതിനാൽ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതായി വന്നു. പദ്ധതിയിൽ ഉൾപ്പെടുത്താതെ ഇത്രയും വലിയ തുക പിൻവലിക്കുന്നത് ചട്ട വിരുദ്ധമാണെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചുവെങ്കിലും കണക്ഷൻ ലഭിച്ചില്ലെങ്കിൽ ഫണ്ട് ലാപ്സായി പോകുമെന്ന കാരണത്താൽ തനത് ഫണ്ടിൽ നിന്ന് തുക പിൻവലിക്കുവാൻ കമ്മറ്റി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

2.വൗചർ നമ്പർ-51500214/5.6.15-12406/-രൂ

വൗച്ചർ നമ്പർ-51500213/5.6.15-15150/-രൂ

പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിച്ച കുഴൽ കിണറിന് കറന്റ് കണക്ഷൻ എടുക്കാനും പദ്ധതിയിൽ തുക ഉൾപ്പെടുത്താതെ മേൽ പ്രകാരം തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചു.

12ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം അനിവാര്യ/അസാധാരണ ചെലവ്,എസ്റ്റാബ്ളിഷ്മെന്റ് ചെലവ് ,കണ്ടിജന്റ്

ചെലവുകൾ എന്നിവയൊഴികെ ഒരു പഞ്ചായത്ത് അതിന്റെ പ്രദേശത്ത് നടത്തുന്ന എല്ലാ വികസന പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ഉത്തരവിനു വിരുദ്ധമായി ചെലവുകൾ നടത്തുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-28 പൈക്ക ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം -മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

അടങ്കൽ-600000/-രൂ

ഭരണാനുമതി-K.S.S.C/PAIKA/OTSCG/14-15/2011

ടെക്നിക്കൽ സാങ്ഷൻ-3/AEE/LSGD/VLGR/14-15/7.7.14

കരാർ-19/14-15/29.9.14

കരാറുകാരൻ-കെ.കെ.ഷാജി

ചെക്ക് നമ്പർ-401108/11.9.15-422820/-രൂപ

പൈക്ക പദ്ധതിയുടെ ഗുണഭോക്താവായി 2011-12 ൽ വേളൂക്കര ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുക്കുകയും കളിസ്ഥല നിർമ്മാണ വികസനത്തിനായി ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ് 6,00,000/- രൂപ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അനുവദിച്ചു. ആയതിൽ കേന്ദ്ര വിഹിതമായ 4,50,000/-രൂപ 29.1.14 ൽ പഞ്ചായത്തിന് ലഭിച്ചു(ഒന്നാം ഗഡു). ഈ തുക താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായാണ് ലഭിച്ചത്.

1.നിർമ്മാണം നടത്തുന്ന സ്ഥലം പൈക്ക പരിശീലന കേന്ദ്രം ആയിരിക്കണം.

2.കളിക്കാർ രജിസ്റ്റർ ചെയ്ത് പരിശീലനം നടത്തുന്നതിന്റെ രേഖകളും ,ഏതെല്ലാം കായിക ഇനങ്ങളിൽ പരിശീലനം ഏർപ്പെടുത്തി എന്ന വിവരവും ഹാജരാക്കണം.

3.സ്പോർട്സ് കോ ഓർഡിനേറ്ററെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ എന്നു മുതൽ പ്രവർത്തിക്കുന്നു, ഹോണറേറിയം നൽകുന്നുണ്ടോ എന്ന വിവരങ്ങളും അറിയിക്കുവാൻ ഗ്രാന്റ് അനുവദിച്ചു കൊണ്ടുള്ള ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി നിർമ്മാണ പ്രവർത്തനം(സ്പോർട്സ് ഉപകരണങ്ങൾ സൂക്ഷിക്കാനുള്ള മുറി,ഓഫീസ് റൂം,ടോയ്ലറ്റ് എന്നിവയുടെ നിർമ്മാണത്തിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയത്) നടത്തിയ നടവരമ്പ് സ്കൂളിനെ 2014 ൽ പഞ്ചായത്ത് പൈക്ക സെന്ററായി തെരഞ്ഞെടുത്തിരുന്നു എന്നും(തീരുമാനം ലഭ്യമാക്കിയില്ല)എന്നാൽ പരിശീലനത്തിനായി ആരും രജിസ്റ്റർ ചെയ്യുകയോ എതെങ്കിലും തരത്തിലുള്ള പരിശീലനം നടക്കുകയോ ചെയ്യുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. സ്പോർട്സ് കോ ഓർഡിനേറ്ററെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ഹോണറേറിയം നൽകുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഗ്രാന്റ് ലഭ്യമാക്കുന്നതിനായി താൽക്കാലിക സംവിധാനം എന്ന നിലക്കാണ് സ്കൂളിനെ പൈക്ക സെന്റർ ആയി തെരഞ്ഞെടുത്തതെന്നും സ്പോർട്സ് കോ ഓർഡിനേറ്ററെ നിയമിച്ചതെന്നും വ്യക്തമാണ്.

സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉത്തരവ് പ്രകാരം (KSSC/PAIKA/14-15/27.1.14)ഗ്രാന്റ് തുക മൂന്ന് മാസത്തിനകം വിനിയോഗിക്കണമായിരുന്നു. എന്നാൽ11/2015 ലാണ് പദ്ധതി പൂർത്തീകരിച്ചത്. ഒന്നാം ഗഡു തൃപ്തികരമായി വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കുന്ന മുറക്ക് മാത്രമേ രണ്ടാം ഗഡു ലഭ്യമാകുമായിരുന്നുള്ളു.എന്നാൽ പഞ്ചായത്ത് റിപ്പോർട്ട് അയച്ചതിന്റെ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ മാനദണ്ഡങ്ങൾക്കനുസൃതമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-29 തൊഴിലുറപ്പ് പദ്ധതി-കൺകറന്റ് സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിക്കണം.

2015-16 വർഷത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം 289 പദ്ധതികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 1,00,03,452/-രൂപ ചെലവഴിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിൽ തൻ വർഷം നടപ്പിലാക്കിയ 176 പദ്ധതികളിലായി 59.79 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.(മുൻ വർഷം നൽകാനുണ്ടായിരുന്ന 7.87ലക്ഷവും

ഭരണനിർവ്വഹണ ചെലവായ 3.25 ലക്ഷവും ഉൾപ്പെടെ തൻ വർഷത്തിൽ ആകെ 70.91ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്). രജിസ്റ്റർ ചെയ്ത ആകെ 2512 കുടുംബങ്ങളിൽ 578 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ 100 തൊഴിൽ ദിനങ്ങൾ ലഭിച്ച 175 കുടുംബങ്ങളും ഉൾപ്പെടുന്നു. മേൽ പ്രവൃത്തികളുടെ 2015-16 ൽ നടത്തിയ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ , വാർഷിക റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ആവശ്യമായ മുഴുവൻ വിവരങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുന്നില്ലായെന്ന് കണ്ടു. ഒരു സാമ്പത്തികവർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ, വാർഡ് തലത്തിൽ നടപ്പിലാക്കിയവ, പ്രവൃത്തികളുടെ കാറ്റഗറി, ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികൾ, മുൻ ഓഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയ അപാകതകൾ, പരിഹരിച്ചതിന്റെ വിവരം,സോഷ്യൽ ഓഡിറ്റ് ടീമിൽ ഉൾപ്പെട്ട അംഗങ്ങൾ എന്നിങ്ങനെ ആവശ്യമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സമഗ്രമായ റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

2014 ജനുവരി 3 ന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ച മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിജ്ഞാപനം പട്ടിക I ക്രമനമ്പർ 25 B പ്രകാരം എല്ലാ പ്രവൃത്തികൾക്കുമായി ഓരോ മാസവും കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹിച്ച പ്രവൃത്തികളുടെ ഉപയോഗയോഗ്യതകളും(Utility) ഉണ്ടായ നേട്ടവും (Out come)വിലയിരുത്തുന്നതിനും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളും പ്രവൃത്തി സ്ഥലത്തെ അളവുകളും തമ്മിൽ ഒത്തു നോക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തണമെന്ന് 25C (iii) പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തു പരിധിയിൽ നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളും ദീർഘ നാളുകൾക്ക് ശേഷം സ്ഥലപരിശോധന നടത്തി അളവു പുസ്തക രേഖപ്പെടുത്തലുകളുമായി ഒത്തു നോക്കാൻ സാധിക്കാത്തവയാണ് എന്നതിനാൽ വൈകി നടത്തുന്ന സോഷ്യൽ ഓഡിറ്റുകൾ ഓഡിറ്റിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുത്തിയേക്കാൻ സാധ്യതയുണ്ട്. ആയതിനാൽ സമയബന്ധിതമായി കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തി ചെലവുകൾ നിയമാനുസൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൻ വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം.

| ക്രമ നം. | ഇനം | പ്രവൃത്തിയുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ ഭൂവികസന പ്രവൃത്തി. | 1 | 5,136 |
| 2 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 30 | 17,50,465 |
| 3 | ദുർബലവിഭാഗങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവൃത്തി. | 66 | 42,23,840 |
| | | | 59,79,441 |

## 3-30 ആശ്രയ പദ്ധതി ഒന്നാം ഘട്ടം ലക്ഷ്യം നേടിയില്ല.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 132 അഗതി കുടുംബങ്ങളെ കണ്ടെത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് 56,78,900/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. 2005-2008 കാലയളവിൽ നടപ്പാക്കുന്നതിന് ലക്ഷ്യമിട്ട ഒന്നാം ഘട്ട പദ്ധതിയിൽ നാളിതുവരെ 39,75,230/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ആശ്രയ ഒന്നാം ഘട്ടത്തിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ലക്ഷ്യമിട്ടിരുന്ന സേവനങ്ങളുടേയും ചെലവഴിച്ച

തുകയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സേവന പാക്കേജ് | ഗുണഭോ ക്താക്കളുടെ എണ്ണം | സേവനം ലഭ്യമായ ഗുണഭോ ക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലഭിക്കാൻ ബാക്കിയുള്ള തുക | സേവനം തുടർന്ന് ആവശ്യമായ ഗുണഭോ ക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | ഭക്ഷണം | 358 | 358 | 8,23,500 | 5,84,325 | 2,39,175 | 209 |
| 2 | ചികിത്സ | 170 | 64 | 3,17,200 | 1,30,075 | 1,87,125 | 143 |
| 3 | വസ്ത്രം | 37 | 37 | 18,500 | 18,500 | - | 98 |
| 4 | ഭൂമി | 23 | 14 | 4,48,500 | 2,73,000 | 1,75,500 | 11 |
| 5 | വീട് | 59 | 46 | 29,50,000 | 23,00,000 | 6,50,000 | 19 |
| 6 | കുടിവെള്ളം | 10 | 10 | 72500 | 72500 | - | 45 |
| 7 | സ്വയം തൊഴിൽ | 14 | 1 | 1,40,000 | 16,000 | 1,24,000 | 18 |
| 8 | വിദ്യാഭ്യാസം | 60 | 10 | 1,51,500 | 25,000 | 1,26,500 | 46 |
| 9 | പെൻഷൻ | 36 | 3 | 1,96,200 | 15,830 | 1,80,370 | 11 |
| 10 | വീട് റിപ്പയർ | 47 | 47 | 5,20,000 | 5,20,000 | | 33 |
| 11 | ശുചിത്വം | 9 | 9 | 18,000 | 18,000 | | 18 |
| 12 | ബുദ്ധിമാന്ദ്യം | 2 | | 21,000 | | 21,000 | |
| 13 | വൈദ്യുതി | 2 | 2 | 2,000 | 2,000 | | |
| 14 | തൊഴിൽ പരിശീലനം | - | - | - | - | - | |
| | | | | 56,78,900 | 39,75,230 | 17,03,670 | |

ആശ്രയ ഒന്നാം ഘട്ടം അവസാനിച്ചുവെങ്കിലും ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പൂർണ്ണമായി നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല. ആശ്രയ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് കാലാനുസൃതമായി പുതുക്കിയിട്ടില്ല. കാര്യക്ഷമമായ റീ വിസിറ്റ് നടത്തുകയും പഞ്ചായത്തിന്റെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർബന്ധിത വകയിരുത്തലുകൾ നടത്തുകയോ ചെയ്തിട്ടില്ല. ഒന്നാം ഘട്ടത്തിലുൾപ്പെട്ട ഗുണഭോക്താക്കളെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തിയിട്ടില്ല. 72 അഗതി കുടുംബങ്ങളെ കണ്ടെത്തി 1,44,23,680/- രൂപ വകയിരുത്തി രണ്ടാം ഘട്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ മുൻഗണനാ വിഭാഗത്തിലുൾപ്പെടുന്ന ആശ്രയാ ഗുണഭോക്താക്കൾക്കായി നിർബന്ധിത വകയിരുത്തൽ നടത്തേണ്ടതും സമയബന്ധിതമായി സേവനം നൽകുന്നതിനും ആശ്രയ ഘട്ടങ്ങളുടെ റീ വിസിറ്റ് പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിലയിരുത്തൽ സമിതിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്. | 2015-16 | 200000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| " | 2015-16 | 100000 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ | 98261 | 1739 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തിനടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിസിറ്റി കണക്ഷൻ (ബോർവെൽ) | | 27556 | 27556 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ. | 943/12 /29.3.12 | 6507500 | 4040000 | 1675000 | | 2365000 |

•

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിര നിക്ഷേപം | - |
| പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി | 20000 |
| ആകെ | 20000 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2630/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 | 2-1 | 720 | മാനേജർ,മാവേലിസ്റ്റോർ | 11502106033/23.3.2016 |
| 2010-11 | para2-1(3) | 360 | സെക്രട്ടറി,ക്ഷീരോല്പാദക സഹകരണ സംഘം | 11502106327/31.3.2016 |
| 2011-12 | 2-4(b) | 250 | ഡോ.ദീപക് കുമാർ | 11502106225/30.3.2016 |
| ,, | ,, | ,, | ഡോ.ഷാജൻ ചാക്കോ | 11502106226/30.3.2016 |
| 2011-12 | 2-4(b) | 450 | എച്ച്.എം,ഹോളി ഫാമിലി എൽ പി എസ് | 11502106090/28.3.2016 |
| 2013-14 | 2-11 | 850 | ജിൻസി ജോസ് | 11502104584/16.2.2016 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44579609 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61123205 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 75210 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 502211 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 5280 | കെ എഫ് ആന്റണി സെക്രട്ടറി |
| 3-20 | - | 69930 | കെ എഫ് ആന്റണി സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 75210 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 312500 | ഡോ.സിജി,വെറ്ററിനറി സർജൻ |
| 3-7 | 124711 | കെ എഫ് ആന്റണി,സെക്രട്ടറി. |
| 3-17 | 65000 | കെ.പി അനിൽ,അസി സെക്രട്ടറി |
| ആകെ | 502211 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ എഫ് ആന്റണി സെക്രട്ടറി | വേളൂക്കര ഗ്രാമപഞ്ചായത്ത് | കുളിയാട്ടിൽ ഹൗസ്, കോട്ടപ്പുറം.പി.ഒ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ടി.എസ്.2-1391/11/ തിയതി 26.07.2011/23.10.2011 |
| 71-72 | |
| 72-73 | |
| 73-74 | |
| 74-75 | |
| 75-76 | |
| 76-77 | |
| 77-78 | |
| 80-81 | |
| 81-82 | |
| 82-83 | |
| 83-84 | |

| | |
|---|---|
| 85-86 | |
| 86-87, 87-88 | |
| 88-89 | |
| 89-90 | |
| 90-91 | |
| 91-92 | |
| 92-93,93-94 | എൽ.എഫ്.ടി.എസ്.2-1391/11/ തിയതി 26.07.2011/23.10.2011 |
| 96-97 | എൽ.എഫ്.ടി.12-340/98/15.12.1998 |
| 97-98 | എൽ.എഫ്.ടി.9-815/99/12.01.2000 |
| 98-99 | എൽ.എഫ്.ടി.9-599/2000/02.09.2000 |
| 99-00 | എൽ.എഫ്.ടി.9-478/01/06.07.2001 |
| 2000-01 | എൽ.എഫ്.ടി.9-898/02/08.03.2002 /31.03.2003 |
| 01-02 | എൽ.എഫ്.ടി.9-898/02/08.03.2002 /31.03.2003 |
| 02-03 | എൽ.എഫ്.ടി.(പി.1)-493/12/29.02.2012 /28.03.2012 |
| 03-04 | എൽ.എഫ്.ടി.9-1447/05/11.01.2006 /25.05.2006 |
| 04-05 | എൽ.എഫ്.ടി.9-1678/08/26.08.2010 |
| 05-06 | എൽ.എഫ്.ടി.9-1679/08/28.08.2010 /12.11.2010 |
| 06-07 | എൽ.എഫ്.ടി.9-638/10/15.12.2010 /01.08.2011 |
| 07-08 | എൽ.എഫ്.ടി.പി.2- 576/12/22.09.2012 /28.11.2012 |
| 08-09 | എൽ.എഫ്.ടി.പി.-577/12/03.09.2012 /28.11.2012 |
| 09-10 | എൽ.എഫ്.ടി.പി.2-578/12/04.09.2012 /28.11.2012 |
| 10-11 | എൽ.എഫ്.ടി.പി.2-579/12/04.09.2012 /28.11.2012 |
| 11-12 | എൽ.എഫ്.ടി.പി.1-894/2013/02.01.04 |
| 12-13 | എൽ.എഫ്.ടി.(പി.1)-1027/14 /04.02.14 /1.04.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി1)194/16 /18.2.2016 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി1)1226/16, 24.7.16/30.7.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി.1)2148/2016


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in


തീയതി: 31.01.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

No. KSA-TSR(P.1)2148/2016

Kerala State Audit Department
istrict Audit Office,
Thrissur - 680 020
Phone: 0487 2331249
E-mail:dotsr.ksad@kerala.gov.in
Dated:31.01.2017

## AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Velookkara Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Velookkara Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office,
Thrissur.